# ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള സമുദ്രാതിർത്തി നിർണയത്തെക്കുറിച്ചുള്ള ട്രിബ്യൂണല് തീരുമാനത്തെ കുറിച്ചുള്ള ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ജൂലൈ 08, 2014

ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള സമുദ്രാതിർത്തി നിർണയത്തെക്കുറിച്ചുള്ള ട്രിബ്യൂണല് തീരുമാനത്തെ കുറിച്ചുള്ള ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ പ്രതികരണം :
" ബംഗ്ലാദേശും ഇന്ത്യയും തമ്മിലുള്ള സമുദ്രാതിർത്തി നിർണ്ണയത്തിനു യുഎന് കൺവെൻഷന്റെ സമുദ്ര നിയമത്തിലെ (UN Convention of Law of the Sea (UNCLOS), അനെക്സ് ഏഴിന് ( Annex VII) കീഴിൽ സ്ഥാപിച്ച ആർബിട്രേഷന് ട്രിബ്യൂണൽ ഫോര് ഡിലിമിറ്റേഷൻ ഓഫ് ബൌണ്ടറി , അവരുടെ തീരുമാനം ജൂലൈ ഏഴിന് (ജൂലൈ 07,2014 ) അറിയിച്ചു . ട്രിബ്യൂണൽ വിധിയെ ഞങ്ങൾ ബഹുമാനിക്കുന്നു. അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് മുഴുവന് പഠിക്കുന്ന പ്രക്രിയയിൽ ആണിപ്പോൾ.

സമുദ്രാതിർത്തി നിർണയ തീർപ്പാക്കലിലൂടെയും വളരെകാലമായി തീരുമാനിക്കപ്പെടാതെ കിടന്ന വിഷയത്തിനു ഒരു അവസാനം കണ്ടെത്തുകയും വഴി ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള പരസ്പര ധാരണകളും മൂല്യവും കൂടുതൽ വർധിപ്പിക്കുമെന്ന് ഞങ്ങള് വിശ്വസിക്കുന്നു . ഇരു രാജ്യങ്ങൾക്കും പ്രയോജനകരമായ രീതിയിൽ ബംഗാള് ഉൾക്കടലിലെ ഈ ഭാഗത്തെ സാമ്പത്തിക വികസനത്തിനതു വഴി തെളിക്കും. ."

**ജൂലൈ 8, 2014**
**ന്യൂഡെൽഹി**